# മന്ന

യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 3 ലക്കം 8

news@newsmanna.com www.newsmanna.com

050 3241610, 055 3969791 ഡിസംബർ 2010


INSIDE THIS ISSUE

എല്ലാ വായനക്കാർക്കും 'മന്ന'യുടെ ക്രിസ്മസ് ആശംസകൾ!

## സ്വകാര്യസന്ദർശനത്തിനായി ഡിസംബർ 5 ന് ഒമാനിലെത്തിയ ഗ്ലാഡിസ് സ്റ്റെയിൻസ് 'മന്ന' വായനക്കാർക്കായി മനസ്സ് തുറക്കുന്നു.

# സഹനമീ ജീവിതം

**ഷിബു മുള്ളംകാട്ടിൽ**



ആരെങ്കിലും ക്ഷണിച്ചാൽ ഉടൻതന്നെ ചാടിപ്പുറപ്പെടാറില്ല. വിവിധ രാജ്യങ്ങളിൽ നിന്നും നിരവധിപേർ യോഗങ്ങൾക്കായി വിളിക്കും. ദൈവ മുമ്പാകെ എല്ലാം സമർപ്പിച്ചതിനുശേഷം നിയോഗം ഉണ്ടെങ്കിൽ മാത്രം അവിടേക്ക് പോകും. അതാണ് ഗ്ലാഡിസ് സ്റ്റെയിൻസ്. മിഡിൽ ഈസ്റ്റിൽ ആദ്യമായി എത്തുന്നത് രണ്ടുവർഷം മുമ്പ് മാത്രമാണ്. അത് അവിസ്മരണീയ സമ്മേളനമായി മാറിയതും ചരിത്രം.

ഉറ്റസുഹൃത്തായ ഷീനയെയും ദേവിനെയും കാണുവാൻ ഡിസംബർ അഞ്ചിനാണ് ഗ്ലാഡിസ് ഒമാനിലെത്തിയത്. ആസ്ട്രേലിയായിലേക്കുള്ള മടക്കയാത്രയിൽ അബുദാബിയിൽ ഒരു പൊതുസമ്മേളനവും. ഗൾഫ് രാജ്യങ്ങൾ തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവയാണെന്ന് ഗ്ലാഡിസ് പറഞ്ഞു തുടങ്ങി. ഇവിടെയുള്ളവരുടെ സ്നേഹവും കരുതലും എനിക്ക് മറക്കുവാൻ കഴിയുകയില്ല. സ്വന്തം നാട്ടിൽ നിന്നും വിദൂരത്ത് താമസിക്കുമ്പോഴും ദൈവകൃപയിൽ നിലനില്ക്കുന്നത് സന്തോഷകരമാണ്. ലോകമെങ്ങുമുള്ള ദൈവജനത്തിന്റെ പ്രാർത്ഥനാപിൻബലമാണ് എന്നെ നിലനിർത്തുന്നത്.

ഭർത്താവിനെയും രണ്ടു പിഞ്ചോമനകളെയും ചുട്ടുകരിച്ചവരോട് ഞാൻ ക്ഷമിച്ചു എന്നു പറഞ്ഞ ഗ്ലാഡിസിന്റെ മനഃക്കരുത്തിന് 59-ാം വയസ്സിലും മാറ്റമില്ല. ആസ്ട്രേലിയായിലെ ഒരു ആശുപത്രിയിൽ നേഴ്സായി ജോലി ചെയ്യുകയാണ് ഗ്ലാഡിസ്. ഒപ്പം ഒറീസയിലും നല്ല ശമര്യാക്കാരന്റെ പ്രവൃത്തി തുടരുന്നു. തുടർച്ചയായ രണ്ടു പതിറ്റാണ്ട് ഒറീസയിൽ കർമനിരതയായ ഗ്ലാഡിസ് 2004 ജൂലൈയിലാണ് ആസ്ട്രേലിയായിലേക്ക് മടങ്ങിയത്. ഏകമകൾ എസ്ഥേറിന്റെ ഉപരിപഠനമായിരുന്നു കാരണം. പ്രിയപ്പെട്ടവരുടെ മരണശേഷം അഞ്ചുവർഷം ഒറീസയിൽ തന്നെ പൂർണസമയം ഗ്ലാഡിസ് പ്രവർത്തിച്ചത് സുവിശേഷദർശനത്തിന്റെ തെളിവാണ്.

ഒറീസയിൽ ഗ്രഹാം സ്റ്റെയിൻസ് മെമ്മോറിയൽ ലെപ്രസിഹോമും ഫിലിപ്പ്& തിമൊത്തി മെമ്മോറിയൽ ഹോസ്പിറ്റലും സജീവമായി പ്രവർത്തിക്കുന്നതായി ഗ്ലാഡിസ് പറഞ്ഞു. ഗ്രഹാം സ്റ്റെയിൻസ് തുടങ്ങിവെച്ച പ്രവർത്തനങ്ങൾ ഇതുവരെ വിജയകരമായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ കൂട്ടായ്മയുടെ വിജയം കൂടെയാണ്. ഹോസ്പിറ്റൽ കൂടുതൽ വിശാലമാക്കാനുള്ള ആഗ്രഹത്തോടെ പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. ഹൃദയത്തിൽ കരുണയുടെ ഉറവ വറ്റിയിട്ടില്ലാത്ത ചിലർ മുന്നോട്ടു വന്നാൽ ഗ്ലാഡീസിന്റെ മനസ്സിലെ ബൃഹത്തായ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടും.

എല്ലാ വർഷവും ഒറീസയിൽ നേരിട്ടെത്തി കാര്യങ്ങൾ വിലയിരുത്തുവാൻ ഗ്ലാഡിസ് സമയം കണ്ടെത്തും. 2005ൽ രാജ്യം പരമോന്നത ബഹുമതികളിലൊന്നായ പത്മശ്രീ നൽകി ആദരിച്ചത് ദൈവനീതിയാണെന്ന് ഗ്ലാഡിസ് വിശ്വസിക്കുന്നു. പുരസ്ക്കാരം ലഭിച്ചതോടെ ഗ്ലാഡിസിന് എപ്പോൾ വേണമെങ്കിലും ഇന്ത്യ സന്ദർശിക്കാം. മൾട്ടിപ്പിൾ എൻട്രി വിസയാണ് ഗവണ്മെന്റ് അനുവദിച്ചിരിക്കുന്നത്.

മകൾ എസ്ഥേറിന്റെ വിവാഹം കഴിഞ്ഞ മെയ് എട്ടിനായിരുന്നു. എസ്ഥേറും ഭർത്താവ് രൂബെൻസ്കോട്ടും ആസ്ട്രേലിയായിൽ ജയിംസ് ക്യൂക്ക് യൂണിവേ ഴ്സിറ്റിയിൽ മെഡിക്കൽ സയൻസിനു പഠിക്കുന്നു. അടുത്ത വർഷത്തോടെ പഠനം പൂർത്തിയാകും. കോളേജിലെ പ്രാർത്ഥനാ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകുന്നത് ഈ ദമ്പതികളാണ്.

ഭാവി പരിപാടികൾ ചോദിച്ചപ്പോൾ ഗ്ലാഡിസ് ഒരു നിമിഷം നിശബ്ദയായി. "എല്ലാം ദൈവകരങ്ങളിലാണ്. ദോഷമായി ദൈവം ഒന്നും ചെയ്യുകയില്ല. ജീവിതത്തിൽ സംഭവിക്കുന്ന എന്തിനും പിന്നിൽ ദൈവഹിതമുണ്ടെന്നു നാം തിരിച്ചറിയണം. തത്ക്കാലം ആതുരസേവനത്തിൽ ആസ്ട്രേലിയായിൽ തുടരുവാനാണ് താത്പര്യം. അതോടൊപ്പം ഒറീസായിലെ പ്രവർത്തനങ്ങളും ശക്തമാക്കും".

ഇന്ത്യൻ സമൂഹത്തോടുള്ള സന്ദേശമെന്തെന്ന് ആരാഞ്ഞപ്പോൾ "ഇന്ത്യക്കാർ മാത്രമല്ല എല്ലാ ജനതയോടും എനിക്ക് പറയാനുള്ളത് നമ്മെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠരായി കാണേണം എന്നതാണ്. സ്നേഹത്തോടും കരുണയോടും സഹജീവികളോടു പെരുമാറണം. ക്രിസ്തുനാഥൻ നമുക്കു കാണിച്ചുതന്ന വഴി ക്ഷമയുടെയും സഹനത്തിന്റെയും ആണ്. നമുക്ക് ആ വഴിത്താരയിലൂടെ യാത്രചെയ്യുവാൻ കഴിയണം".

ഗ്രഹാം സ്റ്റെയിൻസും ഫിലിപ്പും, തിമൊത്തിയും മരണമില്ലാത്ത ലോകത്തേക്ക് യാത്രയായിട്ട് 11 വർഷം പിന്നിടുകയാണ്. ഘാതകർ ദൈവസ്നേഹം അനുഭവിക്കുവാൻ ഇന്നും പ്രാർഥിക്കുന്ന ഗ്ലാഡീസ് ലോകത്തിനു തന്നെ മഹത്തായ സന്ദേശമാണ് കൈമാറിയത്. ആ വാക്കുകളിലൂടെ വെളിപ്പെടുന്നത് ക്രിസ്തുദർശനത്തിന്റെ മാഹാത്മ്യമാണ്. സുഖസമൃദ്ധമായ രാജ്യത്തിൽ നിന്നും ഒറീസയിലെ കുഗ്രാമത്തിലെത്തി കുഷ്ഠരോഗികളുടെ വൃണങ്ങൾ ഒപ്പിയ സ്റ്റെയിൻസ് കുടുംബത്തോട് കൊടും ക്രൂരത കാട്ടിയവരോട് ഗ്ലാഡീസ് എന്നേ ക്ഷമിച്ചു കഴിഞ്ഞു. സഹനത്തിന്റെ പര്യായപദമാണ് ഗ്ലാഡിസ് സ്റ്റെയിൻസ്.


For Advertisements & News Publishing Please Contact: 050-3241610, 055-3969791

ഓർമ്മ

# “പരിഭവമില്ലാത്തൊരാൾ”

**റോജിൻ പൈനുംമൂട്**

ദൃശ്യമാധ്യമങ്ങളിലും, പത്രങ്ങളിലും ഇടയ്ക്ക് ചില വാർത്തകൾ നമുക്ക് കാണാം. വർഷങ്ങൾക്ക് മുമ്പ് നടന്ന കുപ്രസിദ്ധമായ കുലപാതകത്തിലെ പ്രതികളെ വെറുതെ വിട്ടു. അല്ലെങ്കിൽ പ്രതികൾക്ക് ജീവപര്യന്തം എന്ന രീതിയിൽ ഒക്കെ. ഈ വിധിയിൽ എന്തു തോന്നുന്നു. അല്ലെങ്കിൽ എന്താണ് പ്രതികരണം എന്ന് കൊല്ലപ്പെട്ട വ്യക്തിയുടെ ഉറ്റവരോട് മാധ്യമപ്രവർത്തകർ ചോദിക്കുന്ന വേളയിൽ കണ്ണീരിൽ കുതിർന്ന അവരുടെ പ്രതികരണങ്ങൾ.

വർഷങ്ങൾക്ക് മുമ്പ് ഒറീസയിൽ സുവിശേഷ വിരോധികൾ അഗ്നിക്കിരയാക്കിയ ഗ്രഹാം സ്റ്റെയ്ൻസും മക്കളായ ഫിലിപ്പും തിമോത്തിയും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. തന്റെ ഭർത്താവിനെയും പിഞ്ചു മക്കളെയും കൊന്ന നരാധമന്മാരെക്കുറിച്ച് ഗ്ലാഡിസിനോടു മാധ്യമപ്രവർത്തകർ ചോദിച്ചപ്പോൾ അവർ പ്രതികരിച്ചത് ഇങ്ങനെയാണ്.

“എനിക്ക് ആരോടും പരിഭവമില്ല” ഈ കാലഘട്ടത്തിൽ ഗ്ലാഡിസിനല്ലാതെ മറ്റാർക്കും ഇങ്ങനെ പ്രതികരിക്കാൻ കഴിയില്ല. യഥാർഥ ദൈവസ്നേഹം തുളുമ്പുന്ന വാക്കുകൾ. മലയാള ക്രൈസ്തവസാഹിത്യത്തിലെ എക്കാലത്തെയും ബെസ്റ്റ് സെല്ലറായ ‘ഇനി ഞാൻ മരിക്കട്ടെ’ എന്ന ഗ്രന്ഥത്തിൽ സ്റ്റെയിൻസും മക്കളും കൊല്ലപ്പെട്ട ദാരുണ സംഭവം വിവരിക്കുന്നത് ഇങ്ങനെയാണ്.

“1999 ജനുവരി 22 അർധരാത്രി,

ഒറീസയിലെ ബാരിപ്പഡയിൽ നിന്നും 180 കിലോമീറ്റർ അകലെ സന്താൾ എന്ന ആദിവാസി സമൂഹത്തിന്റെ കേന്ദ്രമായ മനോഹർപൂരിലെ പ്രവർത്തനങ്ങൾ എല്ലാം കഴിഞ്ഞ് തലചായ്ക്കാൻ മറ്റൊരിടമില്ലാതെ ജീപ്പിൽ ഗ്രഹാം സ്റ്റെയിൻസും മക്കൾ ഫിലിപ്പും തിമൊത്തിയും ഉറങ്ങുകയായിരുന്നു. അവരുടെ വാഹനത്തിന് ഒരു വാര അകലെയുള്ള മൈതാനത്ത് സന്താൾ വർഗത്തിൽപെട്ട ചെറുപ്പക്കാർ നൃത്തം ചെയ്യുന്നുണ്ടായിരുന്നു.

ഏകദേശം രാത്രി 12. 30 ന് ധാരാസിംഗ്, എലിയാസ് രബീന്ദ്രസിംഗ് എന്നിവരുടെ നേതൃത്വത്തിൽ കുന്തം, വടി, തോക്ക്, പെട്രോൾ എന്നിവയുമായി അമ്പതോളം പേർ വാഹനത്തെ വലയം ചെയ്തു. കല്ലെറിഞ്ഞ് വാഹനത്തിന്റെ ചില്ലുകൾ തകർത്ത അവർ ഞെട്ടിയുണർന്ന് വാഹനത്തിനു പുറത്തു കടക്കാൻ ശ്രമിച്ച സ്റ്റെയിൻസിനെ കുന്തംകൊണ്ട് കുത്തി. പെട്രോൾ ഒഴിച്ച് തീകൊളുത്തി. പിഞ്ചോമനകളെ കരവലയത്തിനുള്ളിലാക്കി സ്റ്റെയിൻസ് കെട്ടിപ്പിടിച്ചു. മരണമില്ലാത്ത ലോകത്തേക്ക് യാത്രയായ അവർ ഭാരതത്തിനുവേണ്ടി കത്തി ചാമ്പലായി.

ഭാരതം നടുങ്ങി.

ലോകത്തിന്റെ മുമ്പിൽ ഇന്ത്യയുടെ ശ്രേയസ്സ് നഷ്ടപ്പെട്ടു.

തന്റെ ഭർത്താവിനെയും കുഞ്ഞുങ്ങളെയും കൊന്നവരോട് ക്ഷമിക്കുവാൻ ഗ്ലാഡിസ് പ്രാർഥിച്ചു. അവരുടെ വാക്കുകൾ ഇങ്ങനെയായിരുന്നു. “ഞാൻ പൂർണമായി തകർക്കപ്പെട്ടു. എന്നാൽ എനിക്ക്



ഭാരതസർക്കാർ സമ്മാനിച്ച പത്മശ്രീ മുദ്രയുമണിഞ്ഞ് തനതു കേരള ശൈലിയിൽ സാരിയും ബ്ലൗസും അണിഞ്ഞ് തലയിൽ സ്കാർഫും കെട്ടിയാണ് ഗ്ലാഡിസ് അന്ന് യോഗത്തിന് എത്തിയത്.

ആരോടും പരിഭവമില്ല. ശത്രുക്കളോട ക്ഷമിക്കുവാനാണ് യേശു എന്നെ പഠിപ്പിച്ചത്. എന്റെ ഭർത്താവിന്റെ ഘാതകർ ദൈവസ്നേഹം അനുഭവിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു”

ഗ്ലാഡിസ് സ്റ്റെയിൻസ് ഇവിടെ എത്തിയിരുന്നു. 2008 മെയ് ഒന്ന് വ്യാഴാഴ്ച വൈകിട്ട് ഷാർജ വർഷിപ്പ് സെന്ററിൽ ഗൾഫ് മലയാളി ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറം നടത്തിയ സാഹിത്യ അവാർഡ് ദാന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുവാൻ. ആയിരങ്ങൾ പങ്കെടുത്ത ആ സമ്മേളനത്തിൽ അന്ന് ഗ്ലാഡിസിനെ കാണുവാൻ മലയാളികൾ മാത്രമായിരുന്നില്ല എത്തിയത്. ഇന്ത്യയിലെ വിവിധ സംസ്ഥാനക്കാരും മറ്റ് രാജ്യക്കാരും. ആരോടും പരിഭവമില്ലാത്ത ഗ്ലാഡിസിനെ ഒരു നോക്കു കാണുവാൻ എത്തി. ഇത്രയും ജനങ്ങൾ പങ്കെടുത്ത ഒരു ക്രൈസ്തവസമ്മേളനം രാജ്യത്ത് അടുത്തിടെ നടന്നിട്ടില്ല എന്നതാണ് യാഥാർഥ്യം.

ഗ്ലാഡിസിന്റെ അന്നത്തെ പ്രസംഗം കടന്നുവന്ന ജനങ്ങളെ ഇളക്കി മറിച്ചൊന്നുമില്ല. പക്ഷെ, അതു കേട്ടവരുടെ ഹൃദയത്തെ ഒരു നിമിഷത്തേക്കെങ്കിലും ഇളക്കി മറിച്ചു എന്ന യാഥാർഥ്യം നേരിട്ടു കണ്ടനുഭവിച്ച ഒരാളാണ് ഞാൻ.

തന്റെ ഭർത്താവിന്റെ പ്രവർത്തനമേഖലയെക്കുറിച്ച് പറഞ്ഞ് അദ്ദേഹത്തെയും പിഞ്ചോമനകളെയും കൊന്ന ദാരുണ കഥ വിവരിക്കുമ്പോൾ സദസ് ഒന്നടങ്കം നെടുവീർപ്പിടുകയും നിറകണ്ണുകളോടുമാണ് ഇരുന്നത്.

ഭാരതസർക്കാർ സമ്മാനിച്ച പത്മശ്രീ മുദ്രയുമണിഞ്ഞ് തനതു കേരളശൈലിയിൽ സാരിയും ബ്ലൗസും അണിഞ്ഞ് തലയിൽ സ്കാർഫും കെട്ടിയാണ് ഗ്ലാഡിസ് അന്ന് യോഗത്തിന് എത്തിയത്.

പിറ്റേന്ന് ഖിസൈസിൽ അവർ താമസിക്കുന്ന ഹോട്ടൽ അപ്പാർട്ട്മെന്റിൽ രാവിലെ തന്നെ ഞാൻ എത്തിച്ചേർന്നു. അവിടെ എത്തിയപ്പോൾ ദുബായ് മാർത്തോമാ ഇടവകയിലെ യുവജനങ്ങൾക്ക് ഇന്റർവ്യൂ നല്കുന്ന തിരക്കിലായിരുന്നു. അതിനു ശേഷം ചില നിമിഷങ്ങൾ ഗ്ലാഡിസുമായ് സംസാരിക്കുവാൻ ഇടയായി. ദൈവസ്നേഹം തുളുമ്പുന്നതായിരുന്നു ശാന്തപ്രകൃതക്കാരിയായ ആ സ്ത്രീയുടെ വാക്കുകൾ. വേദപുസ്തകത്തിൽ പറയുന്നതുപോലെ ഉപ്പിനാൽ രുചിവരുത്തിയ വാക്കുകൾ.

ഇനിയും ഈ കുടുംബവുമായ് ബന്ധപ്പെട്ട ഒരു സംഭവം പറയാം. ചില വർഷങ്ങൾക്കു മുമ്പ് 2000 ജനുവരിയിലെ ആദ്യ ആഴ്ച. അന്ന് കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന ‘ഹല്ലേലുയ്യാ’ ദ്വൈവാരികയിൽ സബ് എഡിറ്ററായി പ്രവർത്തിക്കുന്ന കാലം. രണ്ടാഴ്ചയിൽ ഒരിക്കൽ ഓഫീസിൽ പോകുന്ന പതിവ്. ഒരുദിവസം ചീഫ് എഡിറ്റർ സാംകുട്ടിചാക്കോ എന്നോടു പറഞ്ഞു. അടുത്ത ലക്കത്തിലേക്ക് നമുക്കൊരു സ്റ്റോറി വേണം. ഗ്രഹാം സ്റ്റെയിൻസും മക്കളും മരിച്ചിട്ട് ഒരു വർഷം തികയുകയാണല്ലോ എന്ന് പറഞ്ഞു.

ഇന്റർനെറ്റ് അന്ന് ഒരു ‘സീസണൽഫ്രൂട്ടാ’ണല്ലോ. അല്ലെങ്കിൽ ഏതെങ്കിലും സെർച്ച് എഞ്ചിനിൽ നിന്നും വിവരങ്ങൾ ശേഖരിക്കാമായിരുന്നു. അന്ന് വായിച്ച പത്രങ്ങളോ മാസികകളോ ഒന്നും തന്നെ കൈയിലുമില്ല. എന്തു ചെയ്യും എന്ന മനോവിഷമത്തോടെ തിരികെ വീട്ടിലേക്ക് വരുവാൻ കോട്ടയം റയിൽവേ സ്റ്റേഷനിൽ എത്തി. പോകേണ്ട ട്രെയിൻ എത്തുവാൻ ഇനിയും പതിനഞ്ച് മിനിറ്റ് കൂടി നേരമുണ്ട്. തൊട്ടടുത്തുള്ള ബുക്ക്സ്റ്റാളിൽ ദ വീക്ക് ന്റെ പുതിയ ലക്കം കവർ പേജിൽ ഗ്ലാഡിസ് സ്റ്റെയിൻസിന്റെ ഫോട്ടോ. ഞാൻ സ്വപ്നം കാണുകയാണോ എന്ന് ചിന്തിച്ചുപോയ നിമിഷം. പെട്ടെന്നു തന്നെ പണം നല്കി കോപ്പി കരസ്ഥമാക്കി. അപ്പോഴത്തേക്കും എനിക്കു പോകേണ്ട കൊല്ലം പാസഞ്ചർ യാത്രയാവാനുള്ള ചൂളം വിളിക്കുന്നുണ്ടായിരുന്നു. തിരക്കധികം ഇല്ലാത്ത ദിവസമായതുകൊണ്ട് ഇരിക്കുവാൻ സീറ്റ് ലഭിച്ചു. പെട്ടെന്നു തന്നെ പേജുകൾ മറിച്ചു കവർസ്റ്റോറി വായിക്കുവാൻ. കടപ്പാടോടു കൂടി പറയട്ടെ, എന്റെ സുഹൃത്തും ഇന്ന് കോട്ടയത്ത് മലയാള മനോരമയിൽ ചീഫ് സബ്എഡിറ്ററായി പ്രവർത്തിക്കുന്ന സണ്ണി ജോസഫ് തയ്യാറാക്കിയ ഗ്ലാഡിസിനെക്കുറിച്ചുള്ള മനോഹരമായ കവർസ്റ്റോറി. ആർത്തിയോടെ ഞാൻ ആ ലേഖനം വായിച്ചു. അന്നു രാത്രി തന്നെ ഹല്ലേലുയ്യായ്ക്കുവേണ്ടി ഒരു പേജ് തയ്യാറാക്കി. ആ സ്റ്റോറിയുടെ തലക്കെട്ട് ഇങ്ങനെയായിരുന്നു. ‘നൊമ്പരപ്പെടുത്തുന്ന ഓർമകൾക്ക് ഒരു വയസ്സ്’. വായനക്കാർ നിറഞ്ഞ മനസ്സോടെ ആ ലേഖനം വായിച്ചു. പലരും അഭിനന്ദിച്ചു. വർഷങ്ങൾക്കു ശേഷം ആ സ്നേഹനിധിയായ യുവതിയെ നേരിട്ടു കണ്ടപ്പോൾ സമ്മാനമായിക്കൊടുക്കുവാൻ അതിന്റെ ഒരു കോപ്പിയും എടുത്തിരുന്നു. മലയാളമറിയാത്ത അവർക്ക് എന്തിനീ കോപ്പി നല്കുന്നുവെന്ന് എന്റെ ബന്ധു പോൾ ജോർജ് എന്നോടു ചോദിച്ചു. എങ്കിലും ഞാൻ മടിച്ചില്ല. ആ കോപ്പി അവർക്ക് നല്കി സംഭവങ്ങൾ വിവരിച്ചു. നിറകണ്ണുകളോടെ അവർ അതു മുഴുവൻ കേട്ടു എന്നിട്ട് എന്നോടു പറഞ്ഞു. Thank you very much Brother, God Bless you എന്ന്. എന്നിട്ട് പെട്ടെന്ന് അകത്തെ മുറിയിലേക്ക് പോയി തന്റെ ഭർത്താവിനെയും മക്കളെയും കുറിച്ച് ഈ എളിയവൻ എഴുതിയ ലേഖനത്തിന്റെ കോപ്പി ഭദ്രമായി ബ്രീഫ്കേസിൽ വെയ്ക്കുവാൻ.

സ്വാമി അഗ്നിവേശിന്റെ വാക്കുകൾ കടമെടുത്ത് പറയട്ടെ, തന്റെ ഭർത്താവിനെ സ്വാധീനിച്ച ദൈവസ്നേഹം കൊലയാളികളുടെ ഹൃദയങ്ങളെയും സ്പർശിക്കട്ടെ എന്നു മാത്രം പ്രാർഥിച്ചിരുന്ന ഗ്ലാഡിസ്, മനസ്സിൽ വിദ്വേഷം കുത്തിനിറച്ചിരുന്നവരും ദൈവത്തിന്റെ മക്കളാണെന്നും അവരും ക്ഷമ അർഹിക്കുന്നുവെന്ന് തിരിച്ചറിയാനുള്ള ആത്മീയപക്വത ഉണ്ടായിരുന്ന ഗ്ലാഡിസ് തീർച്ചയായും മതം അതിന്റെ തനിമയെ വെളിപ്പെടുത്തുന്നത് സഹോദരി ഗ്ലാഡിസിനെപ്പോലുള്ള വ്യക്തികളിലൂടെയാണ്.

# ക്ഷമിച്ചു

## 2001 നവംബറിൽ ‘മന്ന’യിൽ പ്രസിദ്ധീകരിച്ചത്.

**ഡെന്നി പുലിക്കോട്ടിൽ**

**കുന്നംകുളം:** ഇന്ത്യൻ നിയമസംഹിതകളിൽ താൻ ഇടപെടില്ലെന്ന് ആസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിന്റെ വിധവ ഗ്ലാഡിസ് സ്റ്റെയിൻസ് ‘മന്ന’യ്ക്കു നല്കിയ അഭിമുഖത്തിൽ പറഞ്ഞു. തന്റെ ഭർത്താവിനെയും രണ്ടു പിഞ്ചോമനകളെയും ക്രൂരമായി വധിച്ച ധാരാസിംഗിന്റെ വധശിക്ഷയെപ്പറ്റി വ്യക്തിപരമായി തനിക്കൊന്നും പറയാനില്ലെന്നും അവർ വ്യക്തമാക്കി. കുന്നംകുളത്ത് നടന്ന സുവാർത്താ ഏകദിന സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു ഗ്ലാഡിസ്. ധാരാസിംഗിന് താനും കുടുംബാംഗങ്ങളും എന്നേ മാപ്പുകൊടുത്തു കഴിഞ്ഞതായും അവർ കൂട്ടിച്ചേർത്തു. ഇന്ത്യാക്കാരോട് എനിക്ക് വെറുപ്പില്ലെന്നും എന്റെ അടുത്ത സുഹൃത്തുക്കൾ ഇന്ത്യക്കാരാണെന്നും അവർ വ്യക്തമാക്കി. ഭാരതീയരെക്കുറിച്ച് മോശമായി എന്തെങ്കിലും മനസ്സിലുണ്ടോ എന്ന ചോദ്യത്തിന് അവർ ഇങ്ങനെ പ്രതികരിച്ചു. അങ്ങനെയെങ്കിൽ ഞാൻ ഇവിടെ വരുകയോ ഈ രാജ്യത്തു തുടരുകയോ ചെയ്യുമായിരുന്നോ. ഒരു രാജ്യത്ത് മോശമായ ഒരു സംഭവം ഉണ്ടായതിന്റെ പേരിൽ ആ രാജ്യത്തെ മുഴവൻ പഴിചാരാനാകുമോ? അവർ ചോദിച്ചു. നമ്മുടെ വീട്ടുകാരുമായും അയൽക്കാരുമായും നല്ലബന്ധം പുലർത്തണമെന്നും സ്നേഹസംസ്കാരം സ്വന്തം കുടുംബത്തിൽ തന്നെ ഉടലെടുക്കണമെന്നും ഗ്ലാഡിസ് വ്യക്തമാക്കി.

സംഭവിച്ചതൊന്നും ദൈവമറിയാതെയല്ല. ദൈവത്തിന്റെ ഹിതം നിറവേറി. സംഭവിക്കാനുള്ളത് എവിടെവെച്ചായാലും സംഭവിക്കും. അത് ഇന്ത്യയിൽ വെച്ചായി എന്നു മാത്രം. ഈ ദുരന്തത്തെ അതിജീവിക്കുവാൻ ദൈവം കൃപ തന്നു. ധൈര്യവും ക്ഷമയും സഹനശക്തിയും തരുന്ന ദൈവം തന്റെ പാതയിൽ പ്രവർത്തിക്കുവാൻ എന്നെ ബലപ്പെടുത്തുന്നു, ഗ്ലാഡിസ് പറഞ്ഞു. ഭർത്താവിന്റെയും രണ്ടു പിഞ്ചോമനകളുടെയും വേർപാട് ഓർമകളെ നീറ്റുമ്പോഴും വിദ്വേഷമോ പ്രതികാരമോ ഇല്ലാതെയാണ് ഗ്ലാഡിസ് മാധ്യമപ്രവർത്തകരെ പുഞ്ചിരിയോടെ എതിരേറ്റതും മറുപടി പറഞ്ഞതും.

ആസ്ട്രേലിയയിലെ ബ്രസ്ബനിൽ ഒരു കർഷകകുടുംബത്തിൽ ജനിച്ച് ഗ്ലാഡിസ് 1981 ലാണ് ഓപ്പറേഷൻ മൊബൈലൈസേഷനോട് ചേർന്ന് ഇന്ത്യയിലെത്തിയത്. ഈ സമയത്ത് ഒറീസയിലെ മയൂർബഞ്ച് പ്രദേശത്ത് ഒ.എം. ടീമിൽ പ്രവർത്തിക്കുകയായിരുന്നു സ്വന്തം നാട്ടുകാരനായ ഗ്രഹാം സ്റ്റെയിൻസ്. 1965 ൽ ഇന്ത്യയിൽ എത്തിയ അദ്ദേഹം ഗ്ലാഡിസിന്റെ ഇന്ത്യയിലെ ഒന്നാംവർഷത്തെ സന്ദർശനത്തോടെയാണ് പരിചയപ്പെടുവാനിടയായത്. മയൂർബഞ്ചിലെ കുഷ്ഠരോഗികളുടെ പുനരധിവാസകേന്ദ്രത്തിൽ വച്ചാണ് തമ്മിൽ കാണുവാനിടയായത്. ആ ബന്ധം വിവാഹത്തിൽ കലാശിച്ചു. നേഴ്സിംഗ് ബിരുദധാരിയായ ഗ്ലാഡിസ് ഭർത്താവായ സ്റ്റെയിൻസിനോടൊപ്പം കുഷ്ഠരോഗികളെ പരിചരിക്കുന്നതിൽ തല്പരയായി. ഒരു മകളെയും രണ്ട് ആൺമക്കളെയും ദൈവം അവർക്ക് നല്കി. കുഞ്ഞുങ്ങളുടെ ചുമതല ഗ്ലാഡിസിനായിരുന്നു. ഭാവിയുടെ പ്രതീക്ഷയായിരുന്ന ഫിലിപ്പും, തിമോത്തിയും അവരുടെ പിതാവിനോടൊപ്പം 1999 ജനുവരി 22 ന് അഗ്നിനാളത്താൽ വിഴുങ്ങിയപ്പോൾ ഗ്ലാഡിസ് ലെപ്രസി ഹോമിന്റെ ചുമതല ഏറ്റെടുത്തു. കുഷ്ഠരോഗികൾക്ക് പ്ലാസ്റ്റിക് സർജറി ഉൾപ്പെടെ നടത്തുവാനുള്ള സൗകര്യം ആശുപത്രിയ്ക്കുണ്ട്. ഭർത്താവിനെയും മക്കളെയും നഷ്ടപ്പെട്ടതിന്റെ അഞ്ചാം വർഷത്തിലും ഗ്രഹാം സ്റ്റെയിൻസിന്റെ ആഗ്രഹം സഫലീകരിക്കുവാനുള്ള തീവ്രപരിശ്രമത്തിലാണ് ഈ ധീരവനിത.

നാം മറ്റുള്ളവരോട് ക്ഷമിക്കുന്നില്ലെങ്കിൽ നമ്മുടെ മനസ്സിൽ കൈയ്പ്പിന്റെ വേരുകൾ വളർന്നുവരുമെന്ന് ഗ്ലാഡിസ് അഭിപ്രായപ്പെട്ടു. ആ വേര് വേഗത്തിൽ വളർന്ന് നാം ദൈവസ്വഭാവത്തിൽ നിന്ന് അകലുമെന്ന് അവർ കൂട്ടിച്ചേർത്തു. നമ്മെ ഉപദ്രവിക്കുന്നവരോട് ക്ഷമിച്ചാൽ അവർ നമ്മുടെ അരികെ വന്ന് ക്ഷമ ചോദിക്കുകയും ദൈവത്തെ അറിയുവാനിടയാകുകയും ചെയ്യും. ക്ഷമ എന്നത് നമ്മുടെ ഇഷ്ടത്താലുള്ളതല്ല. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചപോലെ നാം മറ്റുള്ളവരോടും ക്ഷമിക്കുവാൻ കടപ്പെട്ടവരാണെന്നും ഓർമിപ്പിച്ചു. “വുമൺ പ്രെയർ ഫെലോഷിപ്പ്” സംഘടിപ്പിച്ച സുവാർത്താസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ഗ്ലാഡിസ്. ക്ഷമിക്കാത്തവർ എങ്ങനെ ദൈവമക്കളാകും? ദൈവം ക്ഷമിക്കുന്നവനല്ലായിരുന്നുവെങ്കിൽ നമ്മിൽ എത്രപേർ കാണുമായിരുന്നു? അവർ ചോദിച്ചു. ക്രൈസ്തവജീവിതം ഓടിത്തീർക്കുവാനുള്ളതല്ല. ക്രിസ്തുവിനോടൊപ്പം ഓടുവാനുള്ളതാണ്. നമ്മുടെ ലക്ഷ്യം ക്രിസ്തുവിലായിരിക്കണം. പല പ്രകിയകൾക്ക് ശേഷമാണ് വൈരക്കല്ല് തിളക്കമുള്ളതാകുന്നത്. മനുഷ്യജീവിതവും ഇതുപോലെ കഷ്ടതയിൽ കൂടെ കടന്നാണ് നിത്യതയുടെ ആതുറമുഖത്ത് എത്തുന്നത്. നാം വിശുദ്ധജീവിതം നയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ക്ഷമിക്കുന്നത് തെറ്റാണെന്ന് അഭിപ്രായക്കാരുണ്ട്. ക്ഷമിക്കുന്നില്ലെങ്കിൽ നാം ദൈവമക്കളല്ലാതാകും. ക്ഷമയും ദൈവകൃപയും ഒന്നിച്ചുപോകണം. ചിലപ്പോൾ സ്വന്തം കൂടപ്പിറപ്പുകളോ, സുഹൃത്തുക്കളോ ആകാം നമ്മെ വേദനിപ്പിക്കുന്നത്. നാം എല്ലാവരോടും ക്ഷമിക്കുവാൻ കടപ്പെട്ടവരാണ്. ക്ഷമിക്കുവാനുള്ള കഴിവു തരുന്ന ആത്മാവിനെയാണ് നമ്മിൽ പകർന്നിരിക്കുന്നത് ഗ്ലാഡിസ് പറഞ്ഞു.



ഭാരതത്തിൽ ക്രിസ്തുവിനു വേണ്ടി വെന്തെരിഞ്ഞവർ: *ഗ്രഹാം സ്റ്റെയിൻസും മക്കളായ ഫിലിപ്പും തിമൊത്തിയും.*



*എസ്ഥേറും ഭർത്താവ് രൂബെൻ സ്കോട്ടും.*

# ഗ്ലാഡിസ് സ്മരണ ചിത്രങ്ങളിലൂടെ...



**തിങ്ങിനിറഞ്ഞ സദസ്സ്:** *2008 മെയ് ഒന്നിനു ഷാർജ വർഷിപ്പ് സെന്ററിൽ റൈറ്റേഴ്സ ഫോറം സമ്മേളനത്തിൽ ഗ്ലാഡിസിനെ കാണുവാൻ എത്തിയവർ.*



*ഷിബു മുള്ളംകാട്ടിൽ, ജയിംസ് മേമന, റോജിൻ പൈനുംമൂട് എന്നിവർ ഗ്ലാഡിസ് സ്റ്റെയിൻസിനോപ്പം.*



**ക്രിസ്തു നിമിത്തം എല്ലാം ചേതം എന്ന് എണ്ണുന്നു:** *പുഞ്ചിരിയോടെ ഗ്ലാഡിസ് സ്റ്റെയിൻസ്.*


എല്ലാവിധ സംഗീത ഉപകരണങ്ങൾക്കും
New Mountain
Music Instruments Trading Co. LLC
ഫോൺ 050-5857110/7398434

അബുദാബിയിൽ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്ന വിശ്വാസികളുടെ ശ്രദ്ധയ്ക്ക്
ആത്മിക ആരാധനക്കും വിടുതലിനും
ഐ.പി.സി. എബൻ ഏസർ
എല്ലാ വ്യാഴാഴ്ച മുസഫയിലും എല്ലാ ചൊവ്വാഴ്ച അബുദാബി മർത്തോമ്മാ പാരീഷ് ഹാളിലും ആരാധനാ യോഗങ്ങൾ
PYPA, ലേഡീസ് മീറ്റിംഗ്, ഉപവാസ പ്രാർത്ഥന ക്യാമ്പ് മീറ്റിംഗ്, സുസജ്ജമായ ക്വയർ
രാത്രി 08:00 മുതൽ 10.30 വരെ
Pr. George Mathew
Evg. T. M. Abraham
Pr. Jacob Samuel
Evg. Thomas M. Thomas

സുവിശേഷ മഹായോഗം.
ഡെലിവ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ
ഡിസംബർ 20,21[തിങ്കൾ, ചൊവ്വ] തീയതികളിൽ
പാസ്റ്റർ വർഗ്ഗീസ് ഏബ്രഹാം (രാജു മേത്ര)
പ്രസംഗിക്കുന്നു.
സ്ഥലം : വർഷിപ്പ് സെന്റർ മെയിൻ ഹാൾ.
സമയം: രാത്രി 8 മണി മുതൽ 10 വരെ.
ഗാനശുശ്രൂഷ : ഡെലിവ്രൻസ്, ഷാർജ
കർത്തൃനാമത്തിൽ ഏവർക്കും സ്വാഗതം.

രുചികരമായ കേരളീയ വിഭവങ്ങൾക്ക്
POTHICHORU
• SOUTH INDIAN CUISINE
• NORTH INDIAN CUISINE
• CHINESE FOOD
• TANDOORI CUISINE
• KOLAM SPECIAL DISHES
• KOLAM SPECIAL DRINKS
WE UNDERTAKING INDOOR & OUTDOOR CATERING
FOR CATERING : 050 9702695 / 050 6875360
FOR ALL TYPE OF OCCASSIONS
ANY NO. OF MEMEBRS
FREE HOME DELIVERY
KOLAM
06-5663990 / 5660206
Old Spinney's Round about
Near Sharjah Mega Mall
06-5737289 / 5737203
King Faizal Street
Al Habtoor Towers
Opp. ADNOC,Behind Mosque







Edited, Printed and published by P.C. Glenny, Editor in charge Pramod Koothoor news@newsmanna.com, Visit: www.mannanews.ning.com 050 3241610, 055 3969791